**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2854** **22-01-2021 - ൽ മറുപടിയ്ക്ക്**

**ജലമിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഒ. രാജഗോപാൽ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ പദ്ധതിയായ ജലമിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ഗ്രാമങ്ങളിൽ കുടിവെള്ളം എത്തിയ്ക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള എല്ലാ വീട്ടുകളിലും 2024 ഓട്ടു കൂടി കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് ജലജീവൻമിഷൻ. 10ശതമാനം ഉപഭോക്തൃ വിഹിതം ഉൾപ്പെടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം 50:50 എന്ന അനുപാതത്തിലാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ഏകദേശം 50 ലക്ഷം ഗ്രാമീണ വീട്ടുകൾക്ക് പുതുതായി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ജല ജീവൻ മിഷൻ പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം 1ഉം 2 ഉം ഘട്ടങ്ങളിലായി 748 പഞ്ചായത്തുകളിലാണ് കുടിവെള്ള കണക്ഷനുകൾ നൽകുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി 6765.25 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 17.01.2021- ലെ കണക്കനുസരിച്ച് വിവിധ ഗ്രാമ പഞ്ചായത്തുകളിലായി 182000-ൽ അധികം കുടിവെള്ള കണക്ഷനുകൾ ഇതിനകം നല്കികഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി ഇതുവരെ ലഭിച്ച കേന്ദ്രസഹായം എത്രയെന്ന് വിശദമാക്കാമോ? | (ബി) | ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷം 101.29 കോടിരൂപ അനുവദിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷത്തേക്ക് 404.24 കോടി രൂപ വകയിരുത്തിയതിൽ ഇതുവരെ 72.16 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ